പ: സഭയ്ക്ക് നേതൃത്വം നൽകുന്ന അഭിവന്ദ്യ മെത്രാപ്പോലീത്ത, വലിയ മെത്രാപ്പോലീത്ത, സഫ്രഗൻ മെത്രാപ്പോലീത്താ, എപ്പിസ്കോപ്പാമാർ, പട്ടക്കാർ സുവിശേഷകർ, സേവിനിമാർ, ആത്മായർ എന്നിവർക്കുമായും...

*ജ: ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമേ.*

പ: സൺഡേസ്കൂൾ സമാജം പ്രസിഡന്റ് ജനറൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വൈസ് പ്രസിഡന്റ്, ട്രഷറാർ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, സമാജം ഓഫീസ് പ്രവർത്തകർ, സമാജം കുടുംബാംഗങ്ങൾക്കുമായി...

*ജ: ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമേ.*

പ: ദൈവരാജ്യ പ്രവർത്തനങ്ങൾക്കായി ജീവിതം മുഴുവൻ നിനക്കായി സമർപ്പിക്കുന്ന കുഞ്ഞുങ്ങൾക്കായും തുടർന്നും നിന്നിലുള്ള സമർപ്പണത്തിൽ വളരുവാൻ, ഈ ലോകമായയിൽ വീഴാതെ നിന്റെ നാമമഹത്വത്തിനായി ഉരുകുന്ന അവരുടെ ജീവിതങ്ങൾക്കുമായും...

*ജ: ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമേ.*

പ: കഴിഞ്ഞ 112 വർഷങ്ങൾ മാർത്തോമ്മാ സണ്ടേസ്കൂൾ സമാജത്തിനു നേതൃത്വം നൽകിയ നിന്റെ എല്ലാ ദാസർക്കായും വി.ബി.എസ്, മിഷൻ ടു പാരിഷ്, മിഷൻ ടു സ്കൂൾ, കൊല്ലം ആശ്രയ, ചരൽക്കുന്ന് ക്യാമ്പ് സെന്റർ, വയനാട്, സുഗന്ധഗിരി പ്രോജക്ട് മുതലായ പ്രവർത്തനങ്ങൾക്കായും...

*ജ: ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമേ.*

### സമാപന പ്രാർത്ഥന

(എല്ലാവരും ചേർന്ന്)

കുഞ്ഞുങ്ങളെ സ്നേഹിക്കുന്ന ഞങ്ങളുടെ പിതാവായ ദൈവമേ, – നീ തരുന്ന എല്ലാ ദാനങ്ങൾക്കുമായി നന്ദി കരേറ്റുന്നു. സൺഡേസ്കൂളിന്റെ പ്രവർത്തനങ്ങളിൽ കൂടെ – നിന്നെ ഇനിയും അറിയുവാനും – നിന്റെ മക്കളായി വളരുവാനും – ഞങ്ങളെ സഹായിക്കണമേ. ഇനിയും വരുന്ന തലമുറകൾക്കും – അപ്രകാരം പ്രയോജനം ചെയ്യുവാൻ – സണ്ടേസ്കൂളിന്റെ പ്രവർത്തനങ്ങളെ നീ ഒരുക്കണമേ. സൺഡേസ്കൂളിൽ നിന്നും – ഞങ്ങൾക്കു ലഭിക്കുന്ന ദൈവീകമായ മൂല്യങ്ങളിൽ കൂടെ – ദൈവരാജ്യത്തിന്റെ അംശികളും സാക്ഷികളുമായി തീരുവാൻ – ഞങ്ങളെ സമർപ്പിക്കുകയും – അതിനുള്ള നിന്റെ കൃപ – ധാരാളമായി ഞങ്ങൾക്കു ചൊരിയുകയും ചെയ്യുമാറാകണമേ. ആമേൻ.



# മാർത്തോമ്മാ സൺഡേസ്കൂൾ സമാജം
# അഖിലലോക സൺഡേസ്കൂൾ ദിനം

## 2017 നവംബർ 5 ഞായർ

### ആരാധനാക്രമം

(മാർത്തോമ്മാ മെത്രാപ്പോലീത്താ അംഗീകരിച്ചത്)

ആരാധനാഹ്വാനം

*“യഹോവയെ സ്തുതിപ്പിൻ; നമ്മുടെ ദൈവത്തിനു കീർത്തനം പാടുന്നതു നല്ലതു; അതു മനോഹരവും സ്തുതി ഉചിതവും തന്നേ. തന്നെ ഭയപ്പെടുകയും തന്റെ ദയയിൽ പ്രത്യാശ വെയ്ക്കുകയും ചെയ്യുന്നവരിൽ യഹോവ പ്രസാദിക്കുന്നു.”*

*(സങ്കീ. 147:1,11).*

പാട്ട്

കൗമാ

### പ്രാരംഭ പ്രാർത്ഥന

പ: ജീവന്റെ ഉറവിടമായിരിക്കുന്ന ദൈവമായ കർത്താവേ, ജീവനുള്ളവരാകുന്ന ഞങ്ങൾ നിന്റെ സന്നിധിയിൽ ആയിരിപ്പാനും, നിന്നെ ആരാധിക്കുവാനും കടന്നുവന്നിരിക്കുന്നു. നഷ്ടപ്പെട്ടുപോയ ഞങ്ങളെ നിന്നെ സേവിക്കുവാൻ തക്കവണ്ണം നിന്റെ ഏകജാതനായ പുത്രനെ ഞങ്ങളുടെ രക്ഷക്കായി ലോകത്തിലേക്കു അയച്ച നിന്റെ സ്നേഹത്തിൽ ഞങ്ങൾ ആശ്രയിക്കുന്നു. നിന്റെ മക്കളാകുന്ന ഞങ്ങൾ നിന്റെ പുത്രനിൽ വിശ്വസിച്ചു നിത്യജീവൻ പ്രാപിക്കുവാൻ, നിന്റെ കൃപയുടെ തണലിൽ ഓരോ ചുവടും മുമ്പോട്ടു വെക്കുവാൻ ഞങ്ങളെ ശക്തീകരിക്കണമേ. നിന്റെ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഞങ്ങളിൽ നിറച്ചു ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുവാനും എന്നും സകല ആരാധനയും പുകഴ്ചയും നിനക്കു മാത്രം അർപ്പിക്കുവാനും ഞങ്ങളെ യോഗ്യതയുള്ളവരാക്കണമേ.

ജ: ആമേൻ

## അനുതാപ പ്രാർത്ഥന

*"ദൈവമേ, എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ചു എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി, ശാശ്വത മാർഗ്ഗത്തിൽ എന്നെ നടത്തേണമേ" (സങ്കീ. 139:23,24).*

പ: ദൈവമഹത്വം കാണിച്ചു തരുവാൻ ഞങ്ങളെ ചെറുപ്പം മുതൽ പ്രാർത്ഥനയിലൂടെയും, വേദവായനയിലൂടെയും അഭ്യസിപ്പിക്കുന്ന സൺഡേസ്കൂളിന്റെ പ്രവർത്തനം ഗണ്യമാക്കാതെ സ്വന്തം വിവേകങ്ങളുടെ പിന്നാലെ നടന്നുപോയ കുറവിനെ...

ജ: *ദൈവമേ ഞങ്ങളോടു ക്ഷമിച്ചു, ഞങ്ങളെ രക്ഷിക്കണമേ.*

പ: പുതിയ തലമുറയുടെ ഹരമായ പലതര സാങ്കേതിക വിദ്യകളുടെ പിറകേ മതിമറന്നു, സണ്ടേസ്കൂളിൽ കൂടി ഞങ്ങൾ പഠിച്ചതുപോലെ മനോഹരമായ പ്രകൃതിയെയും ജീവജാലങ്ങളെയും മനുഷ്യരെയും കരുതുവാൻ മനസ്സില്ലാതെപോയ കുറവിനെ...

ജ: *ദൈവമേ ഞങ്ങളോടു ക്ഷമിച്ചു, ഞങ്ങളെ രക്ഷിക്കണമേ.*

പ: സൺഡേസ്കൂളിൽ ഞങ്ങളെ പഠിപ്പിച്ച അദ്ധ്യാപകരുടെ വിശ്വാസവും, ജീവിത മാതൃകയും പിൻപറ്റി നടക്കാതെ നിന്നിലുള്ള വിശ്വാസത്തിൽ അസ്ഥിരതയോടും, സാക്ഷ്യവുമില്ലാതെ ജീവിച്ചുപോയ കുറവിനെ...

ജ: *ദൈവമേ ഞങ്ങളോടു ക്ഷമിച്ചു, ഞങ്ങളെ രക്ഷിക്കണമേ.*

പ: രക്ഷയുടെ അനുഭവക്കാരായ കുഞ്ഞുങ്ങളെ നിന്റെ സന്നിധിയിൽ വരാതിരിക്കത്തക്കവണ്ണം അവരെ സൺഡേസ്കൂളിൽ അയയ്ക്കാതെയും അവർക്ക് ആവശ്യമായ പ്രോത്സാഹനം നൽകാതെയും പ്രവർത്തിച്ചുപോയ കുറവിനെ...

ജ: *ദൈവമേ ഞങ്ങളോടു ക്ഷമിച്ചു ഞങ്ങളെ രക്ഷിക്കണമേ.*

## സ്തോത്ര പ്രാർത്ഥന

*"യഹോവയെ സ്തുതിപ്പിൻ; യഹോവെയ്ക്കു സ്തോത്രം ചെയ്വിൻ; അവൻ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കുമുള്ളത്" (സങ്കീ. 106:1)*

പ: സണ്ടേസ്കൂൾ പ്രസ്ഥാനത്തിനു ആരംഭം കുറിക്കുവാൻ വിശ്വസ്തരായ നിന്റെ ദാസർക്കു നൽകിയ ദർശനത്തിനും, ഇന്നേ ദിവസം



അഖിലലോക സണ്ടേസ്കൂൾദിനം ആചരിക്കുവാനും നീ ചെയ്ത നന്മകളെ ഓർക്കുവാനും ലഭിച്ച അവസരത്തിനായി...

ജ: *ദൈവമേ, ഞങ്ങൾ നിനക്കു സ്തോത്രം അർപ്പിക്കുന്നു.*

പ: ഞങ്ങൾ എന്നും ഉന്മേഷഭരിതരായി നിന്റെ സ്നേഹം മനസ്സിലാക്കുവാൻ സഹായിക്കുന്ന ഗാനങ്ങൾക്കും, അവയെ ചിട്ടപ്പെടുത്തിയ അനേകരുടെ ജീവിത സമർപ്പണത്തിനുമായി...

ജ: *ദൈവമേ, ഞങ്ങൾ നിനക്കു സ്തോത്രം അർപ്പിക്കുന്നു.*

പ: നിന്റെ പുത്രനാകുന്ന യേശുക്രിസ്തുവിനെ കർത്താവും സ്വന്തം രക്ഷിതാവുമായി സ്വീകരിക്കുവാനും, വിശുദ്ധ സഭയുടെ വിശ്വാസാചാരങ്ങൾ മനസ്സിലാക്കുവാനും, ഞങ്ങളെ പ്രബോധിപ്പിക്കുന്ന പാഠ്യ പദ്ധതികൾക്കായി...

ജ: *ദൈവമേ, ഞങ്ങൾ നിനക്കു സ്തോത്രം അർപ്പിക്കുന്നു.*

പ: സണ്ടേസ്കൂൾ അഭ്യസിക്കുവാനും, അതിലൂടെ യേശുക്രിസ്തുവിനോടും സഭയോടുമുള്ള സ്നേഹത്തിൽ വളരുവാൻ ഞങ്ങളെ പ്രചോദിപ്പിച്ച് അയയ്ക്കുന്ന മാതാപിതാക്കൾക്കും, മുതിർന്ന തലമുറയ്ക്കുമായി...

ജ: *ദൈവമേ, ഞങ്ങൾ നിനക്കു സ്തോത്രം അർപ്പിക്കുന്നു.*

## മദ്ധ്യസ്ഥ പ്രാർത്ഥന

*"യഹോവേ, എന്റെ പ്രാർത്ഥന കേട്ടു, എന്റെ യാചനകൾക്കു ചെവിതരേണമേ; നിന്റെ വിശ്വസ്തതയാലും നീതിയാലും എനിക്ക് ഉത്തരമരുളേണമേ" (സങ്കീ. 143:1).*

പ: ലോകത്തിന്റെ വിവിധ ഇടങ്ങളിൽ ദുരിതമനുഭവിക്കുന്ന വ്യക്തികൾക്കായും, പ്രത്യേകാൽ യുദ്ധം, ഭരണ പ്രതിസന്ധി മൂലം പലായനം ചെയ്യുന്ന കുഞ്ഞുങ്ങൾക്കായും അതിനാൽ അനാഥരാക്കപ്പെടുന്ന ഞങ്ങളുടെ സഹോദരങ്ങൾക്കായും...

ജ: *ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമേ.*

പ: വിദ്യാഭ്യാസം ഇല്ലാതെ സമൂഹത്തിൽ വെളിച്ചം കാണുവാൻ കഴിയാതെ വളരുന്ന കുഞ്ഞുങ്ങൾക്കായും പ്രത്യേകാൽ അവരുടെ ഉന്നമനത്തിനുവേണ്ടി ശബ്ദം ഉയർത്തുന്ന പ്രവർത്തകർക്കുമായും...

ജ: *ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമേ.*